# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2525 07/02/2019 ൽ മറുപടിക്ക്

**ശബരിമല നടവരുമാനത്തിലെ കുറവ്**

ചോദ്യം മറുപടി

ശ്രീ.പാറക്കൽ അബ്ദുല്ല

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ മണ്ഡല-മകരവിളക്ക് കാലം പിന്നിട്ടപ്പോൾ നടവരുമാന ഇനത്തിലും മറ്റു അനുബന്ധ സ്രോതസ്സുകളിൽ നിന്നുള്ള വരുമാന ഇനത്തിലുമായി ഏതാണ്ട് നൂറ് കോടിയിൽ പരം രൂപയുടെ കുറവുണ്ടായെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ശബരിമലയിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് മണ്ഡല-മകരവിളക്ക് കാലയളവിൽ ഭക്തജനങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവെത്ര; വിശദമാക്കാമോ; | (ബി) | 2017-2018 കാലയളവിൽ 5326983<br>2018-2019 കാലയളവിൽ 4162648<br>2017-2018 കാലയളവിനെ അപേക്ഷിച്ച് 2018-2019 കാലയളവിൽ ആകെ ഭക്തജനങ്ങളിലുണ്ടായ കുറവ് 1164335 |
| (സി) | നടവരുമാനത്തിലും ഭക്തജനങ്ങളുടെ എണ്ണത്തിലും ഇത്ര ഭീമമായ കുറവ് ഉണ്ടാകാനിടയായ സാഹചര്യമെന്താണ്; വിശദാംശം നൽകുമോ; | (സി) | തീർത്ഥാടകരുടെ എണ്ണത്തിൽ വന്ന കുറവ് നട വരുമാനം കുറയാൻ ഇടയായിട്ടുണ്ട്. കാണിക്ക ഇടരുതെന്ന ചില സംഘടനകളുടെ ആഹ്വാനവും നടവരവിനെ ബാധിച്ചിട്ടുണ്ട്. ശബരിമലയിൽ സംഘർഷ സാധ്യതയുണ്ട് എന്ന തെറ്റായ പ്രചരണം മൂലം ഒരു വിഭാഗം ഭക്തജനങ്ങൾ വിട്ട് നിന്നിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഡി) | നടവരുമാനത്തിലെ കുറവ് ദേവസ്വം ബോർഡിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ; | (ഡി) | വരുമാനക്കുറവ് ജീവനക്കാരുടെ പെൻഷൻ, ശമ്പളം, മറ്റു വികസന പ്രവർത്തനങ്ങൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇതിനെ മറികടക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്നറിയിക്കാമോ? | (ഇ) | 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ